**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ആര്യാടൻ ഷൗക്കത്ത് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാകുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയാറാക്കിയ എസ്റ്റിമേറ്റ് മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. എം.എൽ.എ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുടെ ഭരണാനുമതി മലപ്പുറം ജില്ലാകളക്ടറിൽ നിന്നും ലഭിച്ചാലുടൻ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കുന്നതും ദർഘാസ് അടക്കമുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതുമാണ് . |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാകുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയാറാക്കിയ എസ്റ്റിമേറ്റ് മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. എം.എൽ.എ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുടെ ഭരണാനുമതി മലപ്പുറം ജില്ലാകളക്ടറിൽ നിന്നും ലഭിച്ചാലുടൻ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി കായിക യുവജനകാര്യ ഡയറക്ടർ ലഭ്യമാക്കുന്നതും ദർഘാസ് അടക്കമുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതുമാണ് . |

സെക്ഷൻ ഓഫീസർ